## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *326 | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ലൈംഗികാതിക്രമ ഇരകളുടെ പുനരധിവാസം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.കെ.വിജയൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന സമ്മർദ്ദം ഒഴിവാക്കുന്നതിനും കുടുംബവും സമൂഹവും അവരെ ഒറ്റപ്പെടുത്താതിരിയ്ക്കുന്നതിനും അവർക്ക് സുരക്ഷിതമായ പുനരധിവാസം ഉറപ്പവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന സമ്മർദ്ദം ഒഴിവാക്കുന്നതിന് നിർഭയ ഷെൽട്ടർ ഹോമുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരുടെ സഹായത്തോടെ സൈക്കോളജിക്കൽ കൗൺസിലിംഗ്, ട്രോമാ തെറാപ്പി എന്നിവ നൽകി വരുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഓരോ താമസക്കാരിയുടെയും സാമൂഹ്യ വിദ്യാഭ്യാസ പശ്ചാത്തലം അനുസരിച്ച് ഇൻഡിവിഡ്വൽ കെയർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓരോ താമസക്കാരിയ്ക്കും വിദ്യാഭ്യാസം, ഒക്കുപേഷണൽ/വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ ലഭ്യമാക്കുന്നു. കൂടാതെ 18 വയസ്സിനു മുകളിൽ പ്രായമുള്ള തിരഞ്ഞെടുത്ത താമസക്കാർക്ക് പുനരധിവാസ പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർ കെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വിവിധതരത്തിലുള്ള സേവനം ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രധാന ആശുപത്രികളിൽ ഭൂമിക സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി)നിലവിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി)&(സി) ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, |
| (സി) ഇല്ലെങ്കിൽ ഇരകളുടെ പുനരധിവാസത്തിന് പ്രത്യേകം കേന്ദ്രങ്ങൾ | |

| | |
|---|---|
| നിർമ്മിച്ച് മതിയായ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ട പരിശീലനം നൽകുന്ന പദ്ധതികൾ ആരംഭിക്കാൻ തയ്യാറാകുമോ? | കാസർകോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ നിലവിൽ പ്രവർത്തിപ്പിച്ചു വരുന്നു. കൊല്ലം ജില്ലയിൽ (ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ) ഒരു പുതിയ നിർഭയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകി വരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ നിർഭയ ഷെൽട്ടർ ഹോമില്ലാത്ത കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ എന്നീ 4 ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ